| 28–02–2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, നിങ്ങൾക്ക് പഠനം കൊണ്ട് രാജ്യപദവി നേടണം, ഈ പഠിപ്പാണ് നിങ്ങളെ ഇരട്ട കിരീടധാരികളാക്കി മാറ്റുന്നത്, നിങ്ങൾ അവനവനു വേണ്ടി സ്വന്തം രാജ്യം സ്ഥാപിക്കുകയാണ്.**

**ചോദ്യം:** ഏതൊരു കർത്തവ്യമാണ് ഒരു ബാബയുടേതു മാത്രം, പക്ഷെ മനുഷ്യർ അതിന് വളരെ പ്രയത്നിക്കുകയും എന്നാൽ സഫലത പ്രാപ്തമാക്കാൻ കഴിയാതെ വരികയും ചെയ്യുന്നത്?

**ഉത്തരം:** അശാന്തമായ ലോകത്തെ ശാന്തമാക്കി മാറ്റുക – ഇത് കേവലം ഒരു ബാബയുടെ മാത്രം ജോലിയാണ്. എല്ലാവരെയും ഒന്നിപ്പിക്കാൻ മനുഷ്യർ പരിശ്രമം ചെയ്യുകയാണ്, മുഴുവൻ വിശ്വത്തിലും ശാന്തി കൊണ്ടുവരാൻ വേണ്ടി. ഒരോരുത്തർക്കും ശാന്തി പുരസ്ക്കാരങ്ങളും നൽകുന്നു. എന്നാൽ അവർക്കറിയുകയില്ല ഈ ലോകത്ത് രാമരാജ്യമായിരുന്നപ്പോഴാണ് ശാന്തിയുണ്ടായിരുന്നത്. ഇപ്പോൾ രാവണ രാജ്യമാണ്, ഇവിടെ ഒരിക്കലും ശാന്തിയുണ്ടാകുകയില്ല.

**ഓം ശാന്തി**. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് പാരലൗകിക അച്ഛൻ വന്നിരിയ്ക്കുകയാണ്, കുട്ടികളെ കൊണ്ടുപോകാൻ വേണ്ടി. എവിടേയ്ക്ക് കൊണ്ടുപോകും? ശാന്തിധാമിലേയ്ക്ക്. പിന്നീട് എന്തുണ്ടാകും? ആരാണോ നല്ലരീതിയിൽ പഠിച്ചത് അവർ സുഖധാമിൽ വരും. അവിടെ വരുന്നത് മുക്തിധാം വഴിയാണ്. ആത്മാവ് മനസ്സിലാക്കുകയാണ്, പരിധിയില്ലാത്ത അച്ഛൻ സുഖം നൽകുന്നതിനുവേണ്ടി വന്നിരിക്കുകയാണ്. മുഴുവൻ ദിവസവും ഈ ഓർമ്മയിലിരിക്കാൻ കഴിയും. നിശ്ചയമില്ലാത്തവർക്ക് ഇവിടെ വരാൻ കഴിയുകയില്ല. നിങ്ങൾ ഈശ്വരീയ സന്താനങ്ങളാണ്. ബാബയും മനസ്സിലാക്കുകയാണ് ഞാൻ കുട്ടികളുടെ മുന്നിൽ വന്നിരിക്കുകയാണ്. തീർച്ചയായും കല്പം മുന്നെയും പതിത ഭ്രഷ്ടാചാരി ലോകത്ത് വന്നിരുന്നു. ഇവിടെ എല്ലാവരും ഭ്രഷ്ടാചാരികളാണ്, അവിടെ എല്ലാവരും ശ്രേഷ്ഠാചാരികളാണ്, ഏതുപോലെ രാജാ–റാണി അതേ പോലെ പ്രജകളും. ഈ കളി ഈശ്വരീയ സമ്പ്രദായവും ആസുരീയ സമ്പ്രദായവും തമ്മിലുള്ളതാണ്.

ഗീതം: ആരാണ് ഈ കളി രചിച്ചത് . . . . . .

ഏതെങ്കിലും പാട്ടുകേൾക്കുമ്പോൾ ഹൃദയത്തിലുദിക്കേണ്ടതാണ് ബാബ നമ്മെ എത്ര ഉയർന്നവരാക്കി മാറ്റിയിരിയ്ക്കുകയാണ്. ഉയർന്നവരിലും ഉയർന്നവനായ അച്ഛൻ തീർച്ചയായും ഉയർന്നതു തന്നെയാക്കുമല്ലോ. ഇങ്ങിനെയുള്ള ബാബയുടെ വളരെ മഹിമയുണ്ട്. ആരെങ്കിലും എന്തെങ്കിലും ചെയ്യുമ്പോൾ അവരുടെ മഹിമയുണ്ടാകുന്നു. ഈ വ്യക്തി ഈ കാര്യത്തിൽ വളരെ നിപുണനാണ്. ഈ മനുഷ്യൻ വളരെ സമർത്ഥനാണ്. ഓരോരുത്തരിലും ഗുണങ്ങളുണ്ട്. പരമപിതാ പരമാത്മാവിന്റെ മഹിമയാണ് സർവ്വശ്രേഷ്ഠം. ഓരോരോ മനുഷ്യർക്കും അവരവരുടെ പാർട്ട് ലഭിച്ചിട്ടുണ്ട്. പരമപിതാ പരമാത്മാവിനും ഉയർന്നതിലും ഉയർന്ന പാർട്ടാണ് ലഭിച്ചിരിയ്ക്കുന്നത്. ഈ ഡ്രാമയിൽ വലിയതിലും വലിയ മുഖ്യ പാർട്ട് ആർക്കാണ്? കൗരവരെയും പാണ്ഡവരെയും ഇരുവരെയും സഹോദരങ്ങളായി കാണിക്കുന്നു. പിന്നെ മറുഭാഗത്ത് കാണിച്ചിരിക്കുന്നു ഉയർന്നതിലും ഉയർന്ന ഭീഷ്മർ, അശ്വത്ഥാമാവ് തുടങ്ങിയവരെ. ഈ വിദ്വാൻമാരുടെയും പണ്ഡിതന്മാരുടേയും പേരുകളുണ്ട്. എന്നാൽ വിദ്വാന്മാർ യുദ്ധക്കളത്തിലിറങ്ങി പോരാടുമോ? അങ്ങിനെയൊരു നിയമമേയില്ല. അസത്യമായ ശരീരം, അസത്യമായ മായ. . രാവണൻ അസത്യമാണ്, രാമൻ സത്യമാണ്. പരമപിതാ പരമാത്മാവിനെയാണ് സത്യമെന്നു പറയുന്നത്. ഈശ്വരൻ സത്യമാണ്. ബാക്കി ആര് എന്തെല്ലാം സൃഷ്ടിയെക്കുറിച്ച് പറയുന്നുവോ എല്ലാം തന്നെ അസത്യം. ജ്ഞാനത്തിൽ സത്യമെന്താണ്, അസത്യമെന്താണെന്ന് ബാബ വന്നു മനസ്സിലാക്കിത്തരികയാണ്. ഭാരതത്തിന്റെ ഗീതാ ജ്ഞാനം പ്രായലോപമായിരിയ്ക്കുകയാണ്. ബാക്കി അവശേഷിച്ചത് ആട്ടയിൽ ഉപ്പുപോലുള്ള അടയാളങ്ങൾ മാത്രമാണ്. ബാബ പറയുകയാണ്, ഞാൻ വന്ന് കുട്ടികൾക്ക് വേദങ്ങളുടേയും ശാസ്ത്രങ്ങളുടേയും സാരം മനസ്സിലാക്കിത്തരികയാണ്. ഗീതയാണ് മുഖ്യമായത്, ഇതിലാണ് ഭഗവാനുവാചയുള്ളത്. ബാബ പറയുകയാണ് നിങ്ങൾ കൃഷ്ണഭഗവാന്റെ പേരെഴുതിവെച്ചു. എന്നാൽ ബാബ വന്ന് മനസ്സിലാക്കിത്തരികയാണ് – നിങ്ങൾ ആരെയാണോ ഭഗവാനെന്നു പറയുന്നത് അദ്ദേഹം വാസ്തവത്തിൽ സത്യയുഗത്തിലെ പ്രഥമ രാജകുമാരനാണ്. അദ്ദേഹം ആദ്യമാദ്യം എന്നിൽ നിന്ന് പിരിഞ്ഞ് മുക്തിധാമത്തിൽ വന്നിരുന്നു – സത്യയുഗ രാജകുമാരനാകുവാൻ. ശരി, ശ്രീകൃഷ്ണന് ഇത്രയും മഹിമയുണ്ടല്ലോ, അദ്ദേഹത്തിന്റെ പിതാവിനും മഹിമയുണ്ടാകുമല്ലോ. ഏതുപോലെ അച്ഛൻ അതേപോലെയായിരിക്കു

മല്ലോ കുട്ടി. കൃഷ്ണന്റെ അച്ഛന്റെ മഹിമ എവിടെപ്പോയി. അദ്ദേഹം ആരിൽ നിന്നാണ് സമ്പത്തെടുത്തത്? ശ്രീകൃഷ്ണൻ സത്യയുഗ തുടക്കത്തിലാണ് വരുന്നത്. സ്വയംവര ശേഷം ലക്ഷ്മീ–നാരായണനായി മാറുന്നു. എത്ര സമ്പന്നനായിരുന്നു! ഇത്രയും ധനം അദ്ദേഹത്തിന്റെ പക്കൽ എവിടെ നിന്നു വന്നു? ഈ സമയത്ത് ഒന്നും തന്നെയില്ല. എന്തു സംഭവിച്ചു? ഇത്രയും സമ്പത്ത് എവിടെ നിന്ന്, എങ്ങിനെ ലഭിച്ചു? ആരാണ് നൽകിയത്? നിങ്ങൾ കുട്ടികൾക്കറിയാം, പരിധിയില്ലാത്ത അച്ഛനാണ് പഠിപ്പിച്ചതെന്ന്. ഈ പഠനം കൊണ്ട് നിങ്ങൾ തീർച്ചയായും സത്യയുഗീ രാജാവായി മാറുന്നു. അല്പ കാലത്തേയ്ക്ക് വികാരി രാജാവാകുന്ന അവരൊന്നും ജ്ഞാനം കൊണ്ടല്ല ആകുന്നത്. ആരാണോ വളരെയധികം ദാന പുണ്യങ്ങൾ ചെയ്യുന്നത് അവർ സമ്പന്നരുടെ വീടുകളിൽ ജന്മമെടുക്കുന്നു. ഇവിടെ നിങ്ങൾ പഠനം കൊണ്ടാണ് രാജാ–മഹാരാജാവായി മാറുന്നത്, അതും ഇരട്ട കിരീടധാരികൾ. അതുകൊണ്ടാണ് പറയുന്നത്, സർവ്വതും ചെയ്ത് സ്വയം അപ്രത്യക്ഷമായി എന്ന്. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു ബാബയാണ് രാജ്യം നൽകിയിരുന്നതെന്ന്, വളരെ സുഖികളായിരുന്നു. ദേവതകളുടെ പൂജ എത്ര നല്ല രീതിയിലാണ് ചെയ്യുന്നത്, പൂജ കാണണമെങ്കിൽ ശ്രീനാഥ പുരിയിൽ പോകണം. ദേവതകളുടെ ജഡചിത്രങ്ങൾക്കുമുകളിൽ എത്ര വസ്തുക്കളാണ് ചാർത്തുന്നത്, എങ്കിൽ ചൈതന്യത്തിലിരിയ്ക്കുമ്പോൾ എന്തുണ്ടായിരിയ്ക്കും? പുതിയ ലോകമല്ലേ. പുതിയ കൃഷി സ്ഥലങ്ങൾ നല്ല വിളവ് നൽകുന്നു, പഴയതാകുമ്പോൾ ശക്തി ക്ഷയിക്കുന്നു. നിങ്ങൾ കുട്ടികൾ സാക്ഷാൽക്കാരവും ചെയ്തിട്ടുണ്ടല്ലോ. ബാബ മനസ്സിലാക്കിത്തരികയാണ് ഇങ്ങിനെയായിരുന്നല്ലോ, പിന്നെ എന്തു സംഭവിച്ചു! അഞ്ചു വികാരങ്ങളാകുന്ന മായ വന്ന് നിങ്ങളെ ആക്രമിച്ചു, നിങ്ങൾ മുള്ളുകളായി മാറി. കൂവള വൃക്ഷമുണ്ടല്ലോ, അതിൽ വളരെയധികം മുള്ളുകളുണ്ട്. അതിനെയാണ് പറയുന്നത് മുൾക്കാടെന്ന്. ഈ സമയത്ത് ഓരോ മനുഷ്യരും മുള്ളുകളാണ്. കാമവികാരത്തിൽ പോയിക്കൊണ്ടിരിയ്ക്കുന്നു. മായയുടെ ആക്രമണത്താൽ രാവണ രാജ്യമായിമാറി. നിങ്ങൾ ഗുപ്ത വേഷത്തിലാണ്. ഇത് ആർക്കും തന്നെ അറിയുകയില്ല.

നിങ്ങൾ കുട്ടികൾ കല്പം മുമ്പത്തെപ്പോലെ ശ്രീമതപ്രകാരം നടക്കുകയാണ്. കേവലം കല്പം മുമ്പത്തെപ്പോലെയല്ല, കല്പ–കല്പം മുമ്പത്തെപ്പോലെ. നിങ്ങളിരുന്ന് ബാബയിൽ നിന്നും രാജയോഗമഭ്യസിക്കുകയാണ്. നിങ്ങൾ അഹിംസകരാണ്. നിങ്ങളെ ആർക്കും അറിയുകയില്ല. നിങ്ങൾ സ്വയത്തെ മനസ്സിലാക്കുന്നു, ലോകമറിയുന്നില്ല ഈ ശിവശക്തികൾ ഗുപ്ത രീതിയിൽ യോഗശക്തി കൊണ്ട് വിശ്വത്തിൽ തന്റെ രാജ്യം സ്ഥാപിച്ചുകൊണ്ടിരിയ്ക്കുകയാണെന്ന്. നിങ്ങളോരോരുത്തരും തന്റെ രാജ്യപദവിക്കുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. ആ പട്ടാളക്കാർ യുദ്ധം ചെയ്യുന്നത് തന്റെ രാജാവിനു വേണ്ടിയാണ്. എന്നാൽ നിങ്ങൾ സ്വയത്തിനുവേണ്ടിയാണ് എല്ലാം ചെയ്യുന്നത്. ഭാരതത്തെയാണ് സ്വർണ്ണിമമാക്കി മാറ്റുന്നത്. ആരെല്ലാമാക്കുന്നുവോ അവർ വന്ന് രാജ്യം ഭരിക്കുന്നു. അതായത് നിങ്ങൾ ഗുപ്ത രീതിയിൽ ഭാരതത്തിന്റെ സേവനമനുഷ്ടിക്കുകയാണ്. ആര് ചെയ്യുന്നുവോ അവർ ഫലം പ്രാപ്തമാക്കുന്നു. ആരാണോ പരിശ്രമം ചെയ്ത് രാജാ–റാണിയും പ്രജയുമാകുന്നത്, അവരേ വരികയുള്ളൂ. ഭാരതത്തിൽ തന്നെ വന്ന് രാജ്യം ഭരിയ്ക്കും. ഇപ്പോൾ നിങ്ങളുടേത് ശിവശക്തി പാണ്ഡവ സേനയാണ്. പാണ്ഡവർ അർത്ഥം മാർഗ്ഗദർശി. ബാബ വന്ന് മനസ്സിലാക്കി തന്നിട്ടുണ്ട് – ഞാനാണ് മുഖ്യമായ മാർഗ്ഗദർശി. പാണ്ഡവരിൽ പുരുഷന്മാരും സ്ത്രീകളുമുണ്ട്, പ്രവൃത്തി മാർഗ്ഗമാണല്ലോ. അല്ലാതെ, യുദ്ധത്തിന്റെ കാര്യമേയില്ല. ശാസ്ത്രങ്ങളിൽ എന്തെല്ലാമാണെഴുതി വെച്ചിരിയ്ക്കുന്നത്. എത്ര പേരുകളാണ് കാണിച്ചിരിക്കുന്നത്. ബാബ മനസ്സിലാക്കിത്തരികയാണ് – ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. പറയുകയാണ്, ഭക്തികൊണ്ട് ഭഗവാനെ ലഭിയ്ക്കുമെന്ന്. ഭക്തിയുടെ ഫലം നൽകുന്നു, അതായത് സത്ഗതി ചെയ്യുന്നു. പിന്നീട് സത്യയുഗത്തിൽ ഭക്തി മുതലായതൊന്നും തന്നെയുണ്ടാകുകയില്ല. സന്യാസ ധർമ്മം വന്ന് അല്പ കാലമേ ആയിട്ടുള്ളൂ. ഇവർക്ക് സ്വർഗ്ഗത്തിൽ വരാൻ കഴിയുകയില്ല. സ്വർഗ്ഗത്തിൽ ആരുടെ രാജ്യമായിരുന്നെന്ന് നിങ്ങൾക്കിപ്പോളറിയാം. ഏത് ധർമ്മമാണുണ്ടായിരുന്നത്? ബാബ വന്ന് ദേവീ–ദേവതാ ധർമ്മം സ്ഥാപന ചെയ്യുമ്പോൾ മറ്റെല്ലാ ധർമ്മങ്ങളും വിനാശം പ്രാപിക്കുന്നു. നിങ്ങൾ ഈശ്വരീയ സമ്പ്രദായക്കാരാണ്. അവർ ആസുരീയ സമ്പ്രദായക്കാരാണ്. ഈ ലോകം തന്നെ പതിതമാണ്. നിങ്ങൾ പറയും, നാം ഈശ്വരീയ സന്താനങ്ങളാണെന്ന്. ആരാണ് ഈശ്വരൻ? അദ്ദേഹം നിരാകാരനായ ശിവനാണ്, ബ്രഹ്മാവല്ല. മനുഷ്യർ കരുതുകയാണ്, ബ്രഹ്മം തന്നെയാണ് ഈശ്വരനെന്ന്. ബ്രഹ്മത്തെ പരമപിതാ പരമാത്മാവെന്നു പറയാൻ കഴിയുമോ? ചിലർ സ്വയം ഈശ്വരാനെന്നു പറയുന്നു, പേര് വെച്ചിരിക്കുകയാണ് ബ്രഹ്മ ജ്ഞാനി. യാതൊരർത്ഥവുമില്ല. ബ്രഹ്മ മഹാതത്വമാണ് നാം ആത്മാക്കളുടെ വാസസ്ഥലം. സാലിഗ്രാമമെന്നും പറയുന്നു. രുദ്രയജ്ഞം രചിക്കുമ്പോൾ പരമപിതാ പരമാത്മാവിന്റ വലിയ ലിംഗവും ചെറിയ ചെറിയ അനേക സാലിഗ്രാമുകളുമുണ്ടാക്കുന്നു. എന്നാൽ വാസ്തവത്തിൽ അങ്ങിനെയല്ല. പരമാത്മാവ് വലുതും ആത്മാക്കൾ ചെറുതുമല്ല, പറയുന്നതു തന്നെ പരമപിതാ പരം ആത്മാവെനാണ്, *സുപ്രീം സോൾ*, പരമധാമത്തിൽ വസിക്കുന്ന ആത്മാവ് എന്നാണ്. ആത്മാവ് ഓർമ്മിക്കുന്നത് അവയവങ്ങളിലൂടെയാണ്. ഈ

കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികൾക്കറിയാം - രചയിതാവിന്റെയും രചനയുടെയും ആദി-മദ്ധ്യ-അന്ത്യവും, മുഖ്യ പാർട്ടുധാരി ആരാണെന്നും. എങ്ങിനെയാണ് പാർട്ട് അഭിനയിക്കുന്നത്? എത്ര ജന്മങ്ങളെടുക്കുന്നു? ഇതിന്റെയെല്ലാം കണക്കുകളുണ്ടാകുമല്ലോ. എന്നാൽ ഇതിലൊന്നും പോകേണ്ട കാര്യമില്ല. ബാബ പറയുകയാണ്, ഇത് നിങ്ങളുടെ ധാർമ്മിക ജന്മമാണ്. 84 ജന്മം ശരി തന്നെ. ഇത് ധാർമ്മിക മംഗളകാരി ജന്മമാണ്. ഇപ്പോൾ നമ്മുടെ മംഗളം നടക്കാൻ പോകുകയാണ്, അതുകൊണ്ടാണ് ഇതിനെ മംഗളകാരി ജന്മമെന്നും മംഗളകാരി യുഗമെന്നും പറയപ്പെടുന്നത്. ഈ സംഗമത്തെക്കുറിച്ച് ആർക്കും അറിയുകയില്ല. സംഗമത്തെ യുഗേ-യുഗേ എന്നാണ് പറഞ്ഞിരിയ്ക്കുന്നത്, അതുകൊണ്ട് 4 സംഗമത്തെ കാണിച്ചിരിയ്ക്കുന്നു. ബാബ പറയുകയാണ്, അങ്ങിനെയല്ല, ഇതെല്ലാം ഇറങ്ങുന്ന കലയുടേതാണ്. സത്യയുഗത്തിൽ നിന്ന് ത്രേതായുഗത്തിലേയ്ക്കു വരുമ്പോൾ രണ്ടു കലകൾ കുറയുന്നു. പിന്നീട് ദ്വാപരത്തിലേയ്ക്ക് വരുമ്പോൾ വീണ്ടും കുറയുന്നു. പതിതമായി മാറിക്കൊണ്ടേയിരിയ്ക്കുന്നു. ഇത് വിവിധ ധർമ്മങ്ങളുടെ വൃക്ഷമാണ്, എത്ര ഭാഷകളാണ്. എത്ര അശാന്തിയാണ്. ഇപ്പോൾ നിങ്ങൾക്കറിയാം സ്വർഗ്ഗത്തിൽ ഒരിക്കലും അശാന്തിയുണ്ടാകുകയില്ലെന്ന്. ഇവിടെ അനേകർക്ക് സമാധാനപുരസ്ക്കാരങ്ങൾ ലഭിയ്ക്കുന്നു, എന്നാൽ ശാന്തിയാണെങ്കിൽ ഇല്ലതാനും. എല്ലാവരും ചേർന്ന് ഒന്നാകാൻ പരിശ്രമിയ്ക്കുകയാണ്. പോപ്പും പറയുന്നു, ഏകത വേണമെന്ന്. അന്യോന്യം സഹോദരങ്ങളാണ്, എന്നാൽ എന്തുകൊണ്ടാണ് ഒരുമയില്ലാത്തത്? അവർക്ക് ഡ്രാമയെക്കുറിച്ചറിയുകയില്ല. ലോകത്തിൽ രാമ രാജ്യമുണ്ടായിരുന്നപ്പോൾ ശാന്തിയുമുണ്ടായിരുന്നു. ഇപ്പോൾ രാവണ രാജ്യമാണ്. അനേക ധർമ്മങ്ങളുണ്ട്. ഈ അശാന്തതയെ ശാന്തിയിലേയ്ക്ക് നയിയ്ക്കുക എന്നത് ഒരേയൊരു ബാബയുടെ ജോലിയാണ്! ഇത് ലോകത്തിന്റെ പ്രശ്നമാണല്ലോ. ലോകത്തിന്റെ നാഥന് ചിന്തയുണ്ടയിരിയ്ക്കുമല്ലോ. ബാബ പറയുകയാണ് ഞാൻ തന്നെയാണ് ലോകത്തിൽ ശാന്തി സ്ഥാപിയ്ക്കുന്നത്. ഭാരതത്തിൽ ശാന്തിയുണ്ടായിരുന്നല്ലോ. അശാന്തരായ ആത്മാക്കളെ തിരികെ വീട്ടിലേയ്ക്ക് കൊണ്ടുപോകുന്നു. ലോക സമാധാനത്തിന് *വേൾഡ് ഗോഡ് ഫാദർ* വരിക തന്നെ വേണം. അദ്ദേഹത്തിന്റെ തന്നെ പാർട്ടാണ്. അതുകൊണ്ടാണ് പറയുന്നത്, എല്ലാം ചെയ്ത് സ്വയം . . . . . സർവ്വർക്കും ശാന്തി നൽകി, സ്വയം ഒളിഞ്ഞിരിയ്ക്കുന്നു. ഇങ്ങിനെ ഒളിഞ്ഞിരിയ്ക്കുന്നു അതായത് സത്യയുഗ-ത്രേതയിൽ ആരും തന്നെ അറിയുന്നില്ല, ദ്വാപര-കലിയുഗത്തിലും ആരും അറിയുന്നില്ല, ഏതു വരെയും സ്വയം വന്ന് തന്റെ പാർട്ട് വെളിപ്പെടുത്താത്തിടത്തോളം കാലം ആർക്കും അറിയാൻ കഴിയുകയില്ല. ദേവതകൾക്കും അറിയുകയില്ല. അവർക്ക് തന്റെ ആത്മാവിനെക്കുറിച്ച് അറിയാമായിരുന്നു, പക്ഷെ രചയിതാവിനെ അറിയുകയില്ല.

ബാബ പറയുകയാണ് - ഈ ജ്ഞാനം പ്രായലോപമാകുകയാണ്. ഈ ക്ഷേത്രങ്ങളും പുരാണങ്ങളുമെല്ലാം തന്നെ നശിക്കേണ്ടതുണ്ട്. സത്യയുഗത്തിൽ ഭക്തി മാർഗ്ഗത്തിലെ ഒരു വസ്തുപോലുമുണ്ടാകുകയില്ല. ഇപ്പോൾ ബാബ പറയുകയാണ് നിങ്ങൾ കേവലം എന്നെ മാത്രം ഓർക്കൂ, മറ്റ് സർവ്വതിൽ നിന്നും മമത്വം അകറ്റൂ. സന്യാസികൾക്ക് ഇങ്ങനെ പറയുവാൻ കഴിയുകയില്ല. അവരുടേത് നിവൃത്തിമാർഗ്ഗമാണ്. പാവനത്തിൽ നിന്ന് പതിതവും, പതിതത്തിൽ നിന്ന് പാവനവും നിങ്ങൾക്കാണ് ആകേണ്ടത്. ഡ്രാമയനുസരിച്ച് സന്യാസിമാർക്കും അവരുടേതായ പാർട്ടുണ്ട്. അവരില്ലായിരുന്നെങ്കിൽ ഭാരതം ഇതിൽപ്പരം ദുഃഖിയായി മാറുമായിരുന്നു. മുഖ്യമായ കാര്യം തന്നെ പവിത്രതയുടേതാണ്. പവിത്രതയുടെ ശക്തികൊണ്ടാണ് നിങ്ങൾ പതിതമായ സൃഷ്ടിയെ പാവനമാക്കി മാറ്റുന്നത്, ബാബയുടെ ശ്രീമത്ത് പ്രകാരം. പവിത്രമായി മാറി-മാറി നാം അവിടെ എത്തിച്ചേരുകതന്നെ ചെയ്യും. ഈ യാത്ര വളരെ അത്ഭുതകരമാണ്. അല്ലയോ, രാത്രിയിലെ യാത്രക്കാരാ, ക്ഷീണിച്ചുപോകരുത്. സത്യയുഗത്തിനെ പകലെന്നാണ് പറയുന്നത്. ആദ്യം നിങ്ങൾ *സ്വീറ്റ് ഹോമിൽ* പോയി (ശാന്തിധാമിൽ), പിന്നീട് പകലിലേയ്ക്ക് വരുന്നു. നിങ്ങൾ ആത്മീയ യാത്ര ചെയ്യുന്ന ബ്രാഹ്മണരാണ്, എത്ര മനസ്സിലാക്കേണ്ട കാര്യങ്ങളാണ്! എത്രയും ബാബയെ ഓർമ്മിക്കുന്നുവോ അത്രയും ഉയർന്ന പദവിയും ലഭിക്കും. വളരെയധികം സമ്പാദ്യമുണ്ട്. ചെയ്യുന്നില്ലായെങ്കൽ ഭസ്മീഭൂതമായി മാറും. അല്പം പരിശ്രമം ചെയ്യണമല്ലോ? ലൗകിക പിതാവിനെ ഇരുന്നും എഴുന്നേറ്റും, നടന്നും കറങ്ങിയും ഓർക്കുന്നുണ്ടല്ലോ! എന്തുകൊണ്ടാണ് പാരലൗകിക പിതാവിനെ മറക്കുന്നത്, നിങ്ങൾക്ക് ലജ്ജ തോന്നുന്നില്ലേ? ലൗകിക പിതാവിനെ എപ്പോഴെങ്കിലും മറക്കുന്നുണ്ടോ? സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നവനായ പാരലൗകിക പിതാവിനെ മറക്കുകയാണെങ്കിൽ, സമ്പത്തും മറക്കും, പിന്നെ എന്തു പദവിയാണ് ലഭിക്കുക. ബാബ യുക്തി പറഞ്ഞു തരികയാണ്. ഇങ്ങനെ ചിന്തിയ്ക്കൂ, ബാബാ, ഞങ്ങൾ എത്തിക്കഴിഞ്ഞു, ഞങ്ങൾക്ക് ഇനി ഈ ശരീരം പോലും വേണ്ട. ഇത് എത്ര മധുരമായ ജ്ഞാനമാണ്. നൽകുന്നവനും എത്ര മധുരവാനാണ്. അരക്കല്പം ദുഃഖത്തിൽ ഓർമ്മിച്ച് വന്നിരിയ്ക്കുകയാണ്. ബാബാ, ഞങ്ങളെ എല്ലാ ദുഃഖത്തിൽ നിന്നും മോചിപ്പിക്കൂ. ഇപ്പോൾ നിങ്ങളെ സർവ്വ ദുഃഖത്തിൽ നിന്നും മോചിപ്പിക്കുകയാണ്, എന്റെ മത പ്രകാരം നടക്കുകയാണെങ്കിൽ. ഞാൻ നിങ്ങളുടെ അച്ഛനാണല്ലോ, പിന്നെ എന്തുകൊണ്ടാണ് പറയുന്നത്, ബാബാ, ഞങ്ങൾ മറന്നു പോകുന്നു എന്ന്. നിങ്ങൾ

കുട്ടികളാണല്ലോ. ശാന്തി ധാമത്തിലേക്കും സുഖധാമത്തിലേക്കും പോകണമല്ലോ. നിങ്ങൾക്ക് എന്നെ ഓർക്കാൻ കഴിയുന്നില്ലേ? ഞാൻ നിങ്ങളെ ഇരട്ട കിരീട ധാരികളാക്കി മാറ്റും. കുട്ടികൾ പറയുകയാണ്, ശരി ബാബാ, ഓർമ്മിക്കാം, പിന്നെ പറയുകയാണ്, ബാബാ, ഞങ്ങൾ മറന്നുപോയി. അത്ഭുതം തന്നെ! ഇത്രയും മഹത്തായ സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നു, എന്നിട്ടും നിങ്ങൾ മറക്കുന്നു? ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ബാബയുടെ ശ്രീമത്തിലൂടെയും പവിത്രതയുടെ ശക്തികൊണ്ടും ഈ പതിത സൃഷ്ടിയെ പാവനമാക്കി മാറ്റുന്നതിന്റെ സേവനം ചെയ്യണം. അവനവനു വേണ്ടി സ്വന്തം രാജധാനി സ്ഥാപിക്കണം.

2.സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്ന അതി മധുരമായ പാരലൗകിക പിതാവിനെ നിരന്തരം ഓർമ്മിക്കണം. യോഗബലത്താൽ തന്റെ രാജാധികാരമെടുക്കണം.

## വരദാനം:- ഓരോ വാക്കിലൂടെയും ശേഖരണത്തിന്റെ കണക്കു വർധിപ്പിക്കുന്ന ആത്മീയഭാവത്താലും ശുഭഭാവനയാലും സമ്പന്നരായി ഭവിക്കട്ടെ.

സംസാരത്തിലൂടെ ഭാവവും ഭാവനയും രണ്ടും അനുഭവമാകുന്നു. ഓരോ വാക്കിലും ശുഭവും ശ്രേഷ്ഠവുമായ ഭാവവും ആത്മീയഭാവവും ഉണ്ടെങ്കിൽ സംസാരത്തിലൂടെ ശേഖരണത്തിന്റെ കണക്കു വർധിക്കുന്നു. അഥവാ സംസാരത്തിൽ അസൂയ, വിരോധം, വെറുപ്പിന്റെ ഭാവന ഏതെങ്കിലും ശതമാനത്തിൽ അടങ്ങിയിട്ടുണ്ടെങ്കിൽ അപ്പോൾ സംസാരത്തിലൂടെ നഷ്ടത്തിന്റെ കണക്ക് അധികമാകുന്നു. സമർഥ സംസാരത്തിന്റെ അർഥമാണ്- സംസാരത്തിൽ പ്രാപ്തിയുടെ ഭാവവും സാരവുമുണ്ടാകണം. അഥവാ സംസാരത്തിൽ സാരമില്ലെങ്കിൽ സംസാരം വ്യർഥത്തിന്റെ കണക്കിൽ പോകുന്നു.

## സ്ലോഗൻ:-ഓരോ കാരണത്തെയും നിവാരണം ചെയ്ത് സദാ സന്തുഷ്ടമായിരിക്കുകയാണ് സന്തുഷ്ടമണിയാകുക